ലിറ്റിൽ കൈറ്റ്സ്
പ്രസിദ്ധീകരിക്കുന്ന

# മുകുളം

എച്ച് എസ് എസ്
അനങ്ങനടിയുടെ

ഇ- മാഗസിൻ

| | |
|---|---|
| നിർമാതാക്കൾ | ലിറ്റിൽ കൈറ്റ്സ്, എച്ച് എസ് എസ് അനങ്ങനടി |
| **സ്കൂൾ കോഡ്** | 20047 |
| **യൂണിറ്റ് നമ്പർ** | **LK/2018/20047** |
| ഇ മെയിൽ | **littilekites20047@gmail.com**<br>**ananganadihs@gmail.com** |
| സ്കൂൾ വെബ് സൈറ്റ് | **hssananganadi.home.blog** |
| വിദ്യാഭ്യാസജില്ല | ഒറ്റപ്പാലം |
| ടൈപ്പിങ്ങ് , ലേഔട്ട് | ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ |

© എച്ച് എസ് എസ് അനങ്ങനടി

## പത്രാധിപ സമിതി അംഗങ്ങൾ

| | |
|---|---|
| എഡിറ്റർ | ഹനീൻ എം |
| സഹ എഡിറ്റർ | വിപു പി എസ് |
| ടൈപ്പിങ്ങ്,ലേ ഔട്ട് & സെറ്റിങ്ങ്,എഡിറ്റിങ്ങ് | ഗോകുൽ പി |
| **മറ്റംഗങ്ങൾ** | ഷഹനാസ് ഇ |
| | അഹമ്മദ് ഷാക്കിർ |
| | ജുമാന പി |
| | ജാഫർ സി |
| | സുജയ് പ്രവീൺ പി |
| **അക്കാദമിക നിർവാഹകർ** | കെ ടി ജയശ്രീ (ഹെഡ് മിസ്ട്രസ്) |
| | സജിത്ത് എം പി(sitc) |
| | രജനി പി ജി(ലിറ്റിൽകൈറ്റ്സ് അദ്ധ്യാപിക) |
| | അമൃത പി(ലിറ്റിൽകൈറ്റ്സ് അദ്ധ്യാപിക) |
| ക്യൂ ആർ കോഡുകൾ | ഗോകുൽ പി |

# ആമുഖം

വളർന്നുവരുന്ന ബാല്യത്തിന്റെ ആദ്യതുടിപ്പുകൾ-അവ എന്നും ആനന്ദദായകം തന്നെ-സാങ്കേതികവിദ്യയുടെ സഹായത്തോടെ നമ്മുടെ വിദ്യാലയത്തിൽ വർഷം തോറും പുറത്തിറങ്ങുന്ന ഈ സംരഭത്തിൽ കുഞ്ഞുമനസ്സിൽ പതിഞ്ഞ ചിത്രങ്ങൾ വരകളായും വാക്കുകളായും പുറം ലോകം കാണുകയാണ്.ബാല്യകൗമാരങ്ങളുടെ ചഞ്ചലത സൃഷ്ടികളിൽ കാണുമെങ്കിലും ആദ്യ കിരണങ്ങൾ പിന്നീട് തീക്ഷ്ണമാകുമെന്നത് സ്വാഭാവികമാണല്ലോ.

മനസ്സ് തുറന്ന് കാട്ടാനും കഴിവ് വളർത്താനും ഈ വിദ്യാലയത്തിലെ കുട്ടികൾക്കു കിട്ടുന്ന ഈ അവസരം തുടർന്നും നല്ലരീതിയിൽ ഉപയോഗിക്കാൻ കഴിയട്ടെ എന്ന പ്രാർത്ഥനയോടെ ഈ സദുദ്യമത്തെ പ്രകീർത്തിക്കുന്നു.

-*മലയാളവിഭാഗം*

# ഉള്ളടക്കം

എഡിറ്റോറിയൽ.......................................................................7
ആശംസകൾ...........................................................................9
സന്ദേശം.............................................................................11
അനങ്ങനടി എച്ച് എസ് എസ്..................................................12
മണ്ണും സൂക്ഷ്മജീവികളും......................................................15
ഇമോജി..............................................................................16
സാഹിത്യത്തിലെസുൽത്താൻ...................................................17
കേരളപ്പിറവി.......................................................................19
വിദ്യാലയം.........................................................................20
നിനക്കായ്..........................................................................21
ചെറുശ്ശേരി.........................................................................22
കണ്ണാടി വിദ്യ.....................................................................23
വടക്കൻ പാട്ട്......................................................................26
കേരളം...............................................................................27
നിലാവ്...............................................................................28
മാതൃരാജ്യസ്നേഹം..............................................................29
കേരളീയ കലകൾ................................................................31
പ്രളയ കവിത......................................................................33

ഒരു കർഷക കുടംബത്തിന്റെ........................................................34
എന്റെ ഗ്രാമം..............................................................................36
ഗ്രാമസ്വരാജ്.............................................................................37
അനങ്ങൻമല..............................................................................38
തുഞ്ചത്ത് രാമാനുജൻ.................................................................39
കേരളത്തിന്റെ ചരിത്രം...............................................................40
മറയാത്തഓർമകൾ.....................................................................41
ചമ്പാരൻ സമരം.......................................................................42
സി. വി. രാമൻ..........................................................................43
സിംഹവും മുയലും.....................................................................44
അയ്യൻകാളി.............................................................................45
ലോക ജനസംഖ്യാദിനം..............................................................46
റേ ടോംലിൻസൺ.......................................................................47
കുട്ടികളുടെ കലാസൃഷ്ടികൾ........................................................49
നന്ദി..........................................................................................53

# എഡിറ്റോറിയൽ

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ വിദ്യാലയങ്ങളിൽ ആരംഭിച്ച ഐടി കൂട്ടായ്മയാണ് ലിറ്റിൽകൈറ്റ്സ്. കൃത്യമായ പ്രവർത്തനചട്ടക്കൂടുള്ള ഈ കൂട്ടായ്മ എല്ലാ ഹൈസ്ക്കൂളുകളിലും കഴിഞ്ഞ വർഷം മുതൽ പ്രവർത്തിച്ചു വരുന്നു. ദൈനംദിന ക്ലാസുകളും പരിശീലനപരിപാടികളും ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്ന കൈറ്റിനുകീഴിലാണ് ലിറ്റിൽ കൈറ്റ്സ് പ്രവർത്തിക്കുന്നത്. ഇതിന്റെ ഭാഗമായി നവംബർ ഒന്നിന് എല്ലാ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിലും ഇ-മാഗസിൻ പുറത്തിറക്കുന്നു. ഇതിന്റെ

ഭാഗമായി നമ്മുടെ
കൊച്ചുവിദ്യാലയത്തിലും കൊച്ചു
കുരുന്നുകളുടെ സർഗ്ഗശേഷികളെ
വികസിപ്പിച്ചുകൊണ്ട് നമ്മളും ഒരു ഇ-
മാഗസിൻ പുറത്തിറക്കുകയാണ്.
മുകുളം എന്ന പേരിൽ പുറത്തിറക്കുന്ന
ഈ മാഗസിൻ കുരുന്നുകളുടെ
സൃഷ്ടിയാണെന്ന് കണക്കാക്കി
എല്ലാവിധ പ്രോത്സാഹനങ്ങളും
നല്കുവാൻ വിനീതമായി
അപേക്ഷിക്കുന്നു.

എന്ന്,


ഗോകുൽ.പി

# ആശംസകൾ



*ജയകുമാർ ടി കെ*
*പ്രിൻസിപ്പൾ*
*എച്ച് എസ് എസ് അനങ്ങനടി*


**അനങ്ങനടി ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നവംബർ ഒന്നിന് 'മുകുളം' എന്ന പേരിൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു. സ്കൂളിലെ എല്ലാ കൊച്ചു കൂട്ടുകാരുടെയും സർഗ്ഗഭാവനകൾ ഉൾക്കൊള്ളുന്ന ഈ പ്രസീദ്ധീകരണത്തിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു. ഒപ്പം ഇതിനു പിന്നിൽ പ്രവർത്തിക്കുന്ന ലിറ്റിൽകൈറ്റ് അംഗങ്ങളേയും, അവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന അദ്ധ്യാപകരേയും അഭിനന്ദിക്കുകയും ചെയ്യുന്നു.**





കെ ടി ജയശ്രീ
ഹെഡ് മിസ്ട്രസ്
എച്ച് എസ് എസ് അനങ്ങനടി

പൊതുവിദ്യാഭ്യാസരംഗത്ത് എൽപി തലം മുതൽ സാങ്കേതിക വിദ്യ പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയാണല്ലോ. ഈ അവസരത്തിൽ നമ്മുടെ സ്കൂളും പ്രശംസനീയമായ പ്രവർത്തനങ്ങൾ ചെയ്തുകൊണ്ട് പുരോഗതിയിലേക്ക് കാൽവെക്കുകയാണ്. ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച്, അതിൽ സാഹിത്യരചനകളുടെ സാധ്യതകൾ കൂടി ഉൾപ്പെടുത്തി കുഞ്ഞുങ്ങളെ ഭാവനയുടെ ചിറകുകൾ വിടർത്തി പറക്കാൻ"മുകുളം" എന്ന ഇ-മാഗസിനിലൂടെ കഴിയട്ടെ. ലിറ്റിൽ കൈറ്റ്സിന്റെ ഈ സംരംഭത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.




# സന്ദേശം



കെ എം ശ്രീധരൻ
സ്റ്റാഫ് സെക്രട്ടറി
എച്ച് എസ് എസ് അനങ്ങനടി

വിജ്ഞാനം വിരൽത്തുമ്പിലായ ഈ കാലഘട്ടത്തിൽ സാങ്കേതികവിദ്യ വിദ്യാലയങ്ങളിൽ കാര്യക്ഷമമായി നടക്കേണ്ടത് നമ്മുടെ ആവശ്യകതയാണ്. എല്ലാ ക്ലാസ് മുറികളും ഹൈടെക്കായി മാറി. എല്ലാ കുട്ടികൾക്കും പൊതുവിദ്യാഭ്യാസത്തിൽ പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് നൂതന പഠന മേഖലകൾ പരിചയപ്പെടാനും എളുപ്പത്തിൽ പഠിക്കാനും സാധിക്കുന്നു. അതിന് ശക്തി പകരുകയാണ് ലിറ്റിൽകൈറ്റ്സ് എന്ന ഐടി കൂട്ടായ്മ.ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി നമ്മുടെ സ്കൂളിൽ നിന്ന് നവംബർ ഒന്നിന് പ്രസിദ്ധീകരിക്കുന്ന മുകുളം എന്ന ഇ- മാഗസിൻ എല്ലാവരിലും നന്മയുടെ വെളിച്ചം പരത്തട്ടെ.



# അനങ്ങനടി എച്ച് എസ് എസ്

ഒറ്റപ്പാലം താലൂക്കിലെ അനങ്ങനടി ഗ്രാമം. ഭാരതത്തിന് ഹിമാലയം പോലെ അനങ്ങനടി ഗ്രാമത്തിന്റെ കാവൽക്കാരനായ അനങ്ങൻ മല.കാലചക്രങ്ങൾ ഉരുളുമ്പോഴും തന്റെ ഗ്രാമത്തിന്റെ മാറ്റങ്ങൾക്ക് മൂകസാക്ഷിയായ അനങ്ങൻ




മല, തന്റെ പേരിലുള്ള വിദ്യാലയത്തിന്റെ കീർത്തി തന്നോളം ഉയർന്നു വരുന്നത് കണ്ട് പുഞ്ചിരി ളുകി നിൽക്കുന്നു. 1951-ൽ സ്ഥാപിതം.നാട്ടിലെ സാധാരണക്കാരന്റെയും, തൊഴിലാളികളുടെയും മക്കൾക്ക് വിദ്യ അഭ്യസിക്കാൻ മൈലുകൾ താണ്ടേണ്ടി വന്നപ്പോൾ നാടിനെ സ്നേഹിക്കുന്ന, വിദ്യാദേവതയെ ആരാധിക്കുന്ന ഒരു കൂട്ടം സുമനസ്സുകൾ മുന്നിട്ടിറങ്ങി പണിതീർത്ത

സരസ്വതി ക്ഷേത്രം!!!. പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിൽ അനങ്ങനടി ഗ്രാമപഞ്ചായത്തിലെ അനങ്ങന്മലയുടെ താഴ് വാരത്തിൽ ഈ വിദ്യാലയം സ്ഥിതിചെയ്യുന്നു . ശ്രീ. വൈശ്രവണത്ത് വാസുദേവൻ നമ്പൂതിരി , ശ്രീ.പെരുമ്പിലാവ് ഗോവിന്ദൻ കുട്ടിമേനോൻ , ശ്രീ.വൈശ്രവണത്ത് രാമൻ നമ്പൂതിരി , ശ്രീ.കയറാട്ട് കുഞ്ഞുണ്ണിനായർ , ശ്രീ.എ.കെ.നെടുങ്ങാടി , എന്നീ പ്രമുഖ വ്യക്തികളുടെ നേതൃത്വത്തിൽ 1951-ൽ ഈ സരസ്വതീക്ഷേത്രം പ്രവർത്തനമാരംഭിച്ചു . ഭൂദാന പ്രസ്ഥാനത്തിന്റെ ഭാഗമായി ശ്രീ. വിനോഭാജി അനങ്ങനടി ഹൈസ്കൂൾ സന്ദർശിച്ചിട്ടുണ്ട് .മുൻ

വെബ് പേജിന്റെ ക്യൂ ആർ കോഡ്

തമിഴ്നാട് മുഖ്യമന്ത്രിയും മധുരൈ കാമരാജ് യൂനിവേഴ്സിറ്റി സ്ഥാപകനുമായ ശ്രീ. കാമരാജ് 1954-ൽ നമ്മുടെ സ്കൂൾ സന്ദർശിച്ചു. സാമ്പത്തികമായും സാമൂഹികമായും വളരെ പിന്നോക്കം നില്ക്കുന്ന അനങ്ങനടി പ്രദേശത്തിന് വിജ്ഞാനത്തിന്റെ വെളിച്ചമേകി പുരോഗതിയിലേക്ക് നയിക്കാൻ അനങ്ങനടി ഹൈസ്കൂളിനു കഴിഞ്ഞു എന്നത് ചരിത്ര സത്യമാണ്. അനങ്ങനടി ഹൈസ്കൂൾ ഐടി മേളയിൽ തുടർച്ചയായി പതിമൂന്നാം തവണയും കീരിടം നേടി. അനങ്ങനടി എച്ച് എസ് എസിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വൈഖരി എന്ന പേരിൽ പത്രവും സ്കൂളിന്റെ വെബ് പേജും പ്രകാശനം ചെയ്യുകയുണ്ടായി എല്ലാമാസവും പത്രം മുടങ്ങാതെ പുറത്തിറങ്ങുന്നു. പത്രവും വെബ്സൈറ്റും പോലെ ഈ മാഗസിനും

എല്ലാവർക്കും വെളിച്ചം നൽകും എന്ന് പ്രതീക്ഷിക്കുന്നു.അനങ്ങനടി ഹയർസെക്കന്ററി സ്കൂളിന്റെ വെബ് പേജ് യു.ആർ.എൽ hssananganadi.home.blog എന്നതാണ്. അനങ്ങനടി എച്ച് എസിൽ ഇന്ന് ലിറ്റിൽകൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ മുകുളം എന്ന പേരിൽ ഒരു ഇ-മാഗസിനും ഇറക്കുന്നു.

-ഗോകുൽ പി

ലിറ്റിൽ കൈറ്റ്സ് ലീഡർ

# മണ്ണും സൂക്ഷ്മജീവികളും

മണ്ണ് എന്നത് കല്ലും പൊടിയും മാത്രം ചേർന്ന ജീവനില്ലാത്ത ഒരു വസ്തു അല്ല. മറിച്ച് ധാരാളം ധാതുക്കളും ജൈവവസ്തുക്കളും വായുവും വെള്ളവും ചേർന്നതാണ്. ഇവയ്ക്ക് പുറമെ ഭൂമിയിലെ ജീവനെയും ഭക്ഷ്യശൃംഖലയെയും  നിർത്തുന്ന കോടാനുകോടി  സൂക്ഷ്മ ജീവികളും കൂടി ചേർന്നതാണ് മണ്ണ്.  മണ്ണിലെ സൂക്ഷ്മ ജീവികളെ ബാക്ടീരിയ,ആക്റ്റിനോ മൈസറ്റസ്,പൂപ്പലുകൾ,പായലുകൾ, പ്രോട്ടോ സോവകൾ, വൈറസുകൾ  എന്നിങ്ങനെ തരംതിരിക്കാം . ഓരോ വിഭാഗത്തിനും അവയുടെതായ പ്രത്യേകതകളും ധർമങ്ങളും ഉണ്ട്. ഒരു ഗ്രാം മണ്ണിൽ ഏകദേശം പത്ത് ലക്ഷം തൊട്ട് നൂറ് കോടി  സൂക്ഷ്മജീവികളെ കാണാം എന്നാണ് കണക്കാക്കിയിട്ടുള്ളത്.

# ഇമോജി

😀😂

സോഷ്യൽ  മീഡിയയിലും ഓൺലൈൻ ആശയ വിനിമയ സംവിധാനങ്ങളിലും വികാരങ്ങളെ പ്രതിനിധീകരിക്കാൻ ഉപയോഗിക്കുന്ന  ചെറുചിത്രങ്ങളാണ് ഇമോജികൾ. സന്തോഷമാകട്ടെ, ദുഃഖമാകട്ടെ, സ്മൈലികളെപ്പോലെ കുഞ്ഞുമുഖങ്ങളാണ് വികാരങ്ങൾ പ്രകടിപ്പിക്കാൻ ഓൺലൈനിൽ ഇന്ന് ഉപയോഗിക്കുന്നത്.ടെക്സ്റ്റ് ചെയ്യുന്നതിനേക്കാൾ എളുപ്പത്തിൽ നമ്മുടെ വികാരം ഇമോജികൾ കൈമാറും എല്ലാതരംചിത്രങ്ങളും ഇമോജികളിലുണ്ട്.

*ഹരിനന്ദൻ കെ പി*

# സാഹിത്യത്തിലെ സുൽത്താൻ

മലയാള സാഹിത്യത്തിൽ ഒരേയൊരു സുൽത്താനേയുള്ളു ഭാഷയുടെയും വ്യാകരണത്തിന്റെയും വേലിക്കെട്ടുകൾ പൊളിച്ചെഴുതി മലയാള സാഹിത്യത്തെ സാധാരണക്കാരന്റെ ജീവിതത്തോട് ചേർത്തു നിർത്തിയ ബേപ്പൂർ സുൽത്താൻ എന്ന "വൈക്കം മുഹമ്മദ് ബഷീർ'' സാധാരണക്കാരിൽ സാധാരണക്കാരനായ നാട്ടുമനുഷ്യന്റെ പച്ചഭാഷയിലുള്ള ഹാസ്യാത്മകമായ രചനകൾ വായനക്കാരനെ ഒരുപോലെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും, കരയിപ്പിക്കുകയും ചെയ്തു. അതായിരുന്നു ഉലികയുടെ ശക്തിയും. അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് എന്നും മനസ്സിൽ ഒരു സ്ഥാനമുണ്ട്

ഒരിക്കലും അലക്കിത്തേച്ച വടിവൊത്ത ഭാഷയിൽ അദ്ദേഹം എഴുതിയില്ല. ഇത് മലയാളത്തിലെ മറ്റൊരു സാഹിത്യക്കാരനും അവകാശപ്പെടാൻ സാധിക്കാത്ത വിധം ബഷീറിനെ ജനകീയനാക്കി. തന്റേതു മാത്രമായ വാക്കുകളും ശൈലികളുമായിരുന്നു ബഷീറിന്റെ സവിശേഷത അതുകൊണ്ട് തന്നെ ആ രചനാരീതി ബഷീറിയൻ ശൈലി എന്നു തന്നെ അറിയപ്പെട്ടു.

ജീവിതത്തോട് ചേർന്ന് നിൽക്കുന്നവയായിരുന്നു അദ്ദേഹത്തിന്റെരചനകൾ.താൻകണ്ടുമുട്ടിയിട്ടുള്ളകഥാപാത്രങ്ങൾഅദ്ദേഹം രചനകളിലും ഉൾപ്പെടുത്തി.അതിദീർഘമായ രചനകൾക്ക് പകരം

അടുക്കും ചിട്ടയോടും കൂടി വളരെ കുറച്ച്എഴുതാനാണ്അദ്ദേഹം ഇഷ്ടപ്പെട്ടത്. കഥകളും നോവലുകളിലും മാത്രംഒതുങ്ങുന്നതല്ല അദ്ദേഹത്തിന്റെസാഹിത്യലോകം.

വൈക്കത്തിനടുത്ത്

തലയോലപ്പറമ്പിൽ 1908 ലാണ് അദ്ദേഹം ജനിച്ചത്.പഠിക്കുന്നസമയത്ത് വീട്ടിൽ നിന്ന് ഒളിച്ചോടി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ ചേർന്ന് ഉപ്പുസത്യാഗ്രഹത്തിൽ ഒത്തുചേർന്നു.

കേന്ദ്രസാഹിത്യ

അക്കാദമി,കേരളസാഹിത്യ അക്കാദമിഫെല്ലോഷിപ്പുകൾ,സാഹിത്യത്തിനും രാഷ്ട്രീയ- ത്തിനുമായി നാലു നാമപത്രങ്ങൾ തുടങ്ങിയവ ലഭിച്ചു.1982 ൽ ഇന്ത്യാ ഗവൺമെന്റ് പത്മശ്രീ നൽകി ആദരിച്ചു.1987 ൽ  കാലിക്കറ്റ് യൂണിവേഴ്സിറ്റി ഡോക്ടർ ഒഫ് ലെറ്റേഴ്സ് ബിരുദം നൽകി.പ്രേംനസീർ അവാർഡ്, ലളിതാംബിക അന്തർജനം സാഹിത്യ അവാർഡ്,മുട്ടത്തുവർക്കി അവാർഡ്,വള്ളത്തോൾ പുരസ്കാരം എന്നിവ ലഭിച്ചു.1994 ജൂലായ് 5 ന് ബഷീർ വിടപറഞ്ഞു.
ബഷീർ വിടപറഞ്ഞെന്നാലും അദ്ദേഹത്തിന്റെ രചനകളെല്ലാം പുറത്തിറങ്ങിയ അതേ പുതുമയോടെ തന്നെ ഇന്നും വായിക്കപ്പെടുന്നുകാരണം അവ ഓരോന്നും ഒരോ പാഠപുസ്തകങ്ങളാണ്.ജീവിതം എന്തെന്ന് കാട്ടിത്തരുന്ന മഹത്തായ പാഠപുസ്തകങ്ങൾ.

-ഹൈഫ

# കേരളപ്പിറവി

കേരള സംസ്ഥാനം രൂപവത്കരിച്ചത് നവംബർ ഒന്നിനാണ് കേരളപ്പിറവി എന്നറിയപ്പെടുന്നത്.കേരളം രുപീകൃതമാവുമ്പോൾ  ഇന്ത്യയിലെ 14 സംസ്ഥാനങ്ങളിൽ ഏറ്റവും ചെറിയ സംസ്ഥാനമായിരുന്നു കേരളം.രൂപീകരണ സമയത്ത് കേരളത്തിൽ വെറും 5 ജില്ലകൾ മാത്രമേ ഉണ്ടായിരുന്നുള്ളു എന്നാലും വിദ്യാഭ്യാസത്തിൽ ഏറ്റവും മുൻപന്തിയിലായിരുന്നു. കേരളം വൈവിദ്ധ്യമാർന്ന ഭൂപ്രകൃതിക്കൊപ്പം സന്തുലിതകാലാവസ്ഥ കൂടിചേർന്നപ്പേൾ ദൈവത്തിന്റെ  സ്വന്തം നാടായി പകുതിയിലധികം ജനങ്ങളും കർഷകരായിരുന്നു. പക്ഷെ ഭൂമിയിൽ ഇന്ന് കൃഷിയിറക്കുന്നത് വിരലിലെണ്ണാവുന്ന ശതമാനം മാത്രം. മാറിമാറി വന്ന സർക്കാരുകൾ നയങ്ങൾ കൊട്ടിഘോഷിച്ചെങ്കിലും ഭൂമിയുടെ അവകാശത്തിനായി വനവാസികളടക്കമുള്ളവരുടെ പോര് ഇന്നും തുടരുന്നു .കേരള സംസ്ഥാനം രൂപം കൊണ്ടിട്ട് ഇന്ന് 63 വർഷം പൂർത്തിയാവുന്നു 1956 നവംബർ 1 കേരളം എന്ന സംസ്ഥാനം രുപവത്കരിച്ചു ഇതിന്റെ അടിസ്ഥാനത്തിൽ നവംബർ 1 കേരളപ്പിറവി ദിനമായി ആഘോഷിക്കുന്നു

തൻസുന്നീസ
9B

# വിദ്യാലയം

ഓർമ്മകളിൽ നിന്നോടിയെത്തുന്നൊരു
അനുഗ്രഹമാണന്റെ വിദ്യാലയം
ആദ്യത്തെ അക്ഷരചുവടിലേക്കെന്ന
അമ്മയെന്ന വാക്യമാണെന്റെ വിദ്യാലയം
കൂട്ടുകാരുമെത്തുല്ലാസിച്ചീടുവാൻ
ചാറ്റൽ മഴയത്ത് പുള്ളിക്കുട നീട്ടുവാൻ
മൺകുടമുടച്ചൊരു തേൻ മിഠായിവാങ്ങുവാൻ
ഓർക്കുന്നു ഒരോർമ്മയോടെ ഞാൻ
മറക്കുവാനാകാത്ത എന്റെയാ ഓർമ്മയെ

-ഫിദ കെ കെ

8 എം

# നിനക്കായ്

നിനക്കായ് ഞാൻ സമ്മാനിക്കുന്ന
എൻ കൊച്ചു കൈയ്യക്ഷരങ്ങൾ
നിന്റെ ചിരിയായ് തിളങ്ങുന്ന
കണ്ണുകൾക്കായ് മാറ്റിവെക്കുന്നു
ഞാനെൻ മനസ്സും....
നീയും ഞാനുമല്ലാതാവുമ്പോൾ
നാം നാമായി മാറി അറിയുമ്പോൾ
നീയായ് നിഴലായ്
നിൻ പ്രാണനായ് പിടിയുന്നെന്നിൽ
നീയെന്ന പ്രണയം....
നീയെന്ന സത്യം....
എങ്കിലുമെൻ പ്രിയനേ...
ഒരു നാളെന്റെ ഹൃദയവും സ്നേഹവും
നിന്നിൽ നിന്നും അങ്ങകലേക്ക് മറയും
അന്ന് നിന്റെ ഓർമ്മകളിൽ നിന്ന്
എന്റെ മനസ്സും ശരീരവും ആഗ്രഹിക്കും
ഒരുപിടി ഓർമ്മകൾ മാത്രമേയുള്ളു പ്രിയനേ...
നീ എന്നിൽ കരിനിഴൽ വീഴ്ത്തി
ഞാൻ പോലുമറിയാതെ.

–കൃഷ്ണാഞ്ജന കെ

# ചെറുശ്ശേരി

ക്രിസ്തു വർഷം പതിനഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഭാഷാകവിയാണ് ചെറുശ്ശേരി . പ്രാചീന കവിത്രയങ്ങളിൽ ഒരാളായിരുന്ന ഇദ്ദേഹം.ക്രിസ്തുവർഷം 1466-75 കാലത്ത് കോലത്തുനാട് ഭരിച്ചിരുന്ന ഉദയവർമന്റെ അറിവ് സദസ്സിലെ അംഗമായിരുന്ന ചെറുശ്ശേരി.

ഭക്തി ഫലിതം,ശൃംഗാരം എന്നീ ഭാവങ്ങളാണ്ചെറുശ്ശേരിയുടെ കാവ്യങ്ങളിൽ കാണാൻ കഴിയുന്നത്.സമകാലീനരായിരുന്ന മറ്റ് ഭാഷാക്രതികളിൽ നിന്ന് ഒട്ടുംവ്യത്യസ്തമായിരുന്നില്ല ഈ ശൈലി. എങ്കിലും സംസ്കൃത ഭാഷയോട് കൂടുതൽ പ്രതിപത്തി പുലർത്തിയിരുന്ന മലനാട്ടിലെ കവികൾക്കിടയിൽ ഭാഷാകവി എന്നിരിക്കെയും ഏറെ പ്രശസ്തനായിരുന്ന ചെറുശ്ശേരി.കൃഷ്ണഗാഥയാണ് പ്രധാനകൃതി.

-ഷാക്കിർ

# കണ്ണാടി വിദ്യ

ടിങ്കുമുയൽ ഭക്ഷണം തേടിയിറങ്ങിയതാണ്. തന്നന്നം താനന്നം താളത്തിലോടി ,മന്ദാരക്കാട്ടിൽ ഞാൻ നീളത്തിലോടി എന്നിങ്ങനെ പാട്ടുപാടികൊണ്ടാണ് ടിങ്കു മുയൽ നടക്കുന്നത്. അവന്റെ കുഞ്ഞി കണ്ണുകൾ നാലു പാടും പരതുന്നുണ്ടായിരുന്നു.വല്ല കാരറ്റുകളും കിട്ടിയാലോ?പക്ഷേ, അവിടെയെങ്ങും കാരറ്റിന്റെ ഒരു കഷ്ണം പോലും കണികാണാൻ ഉണ്ടായിരുന്നില്ല. ഭക്ഷണം തേടി നടന്നുനടന്ന് ടിങ്കു ഇലഞ്ഞിക്കാട് എന്നൊരു സ്ഥലത്ത് എത്തിപ്പെട്ടു. അവിടെ ഒരു ഗുഹയുടെ സമീപം ഒരു കൊച്ചുപൂന്തോട്ടവും നല്ല ഇളംപുല്ലുകളും ധാരാളം കാരറ്റുകളും അവൻ കണ്ടു. അത്ഭുതം കൊണ്ട് ടിങ്കുവിന്റെ കണ്ണുകൾ വിടർന്നു.

എന്റെ മലമുത്തപ്പാ ഇത്രയും മനോഹരമായ സ്ഥലം ഞാനാദ്യം കാണുകയാ...... ടിങ്കു ആശ്ചര്യത്തോടെ സ്വയം പറഞ്ഞുപോയി. അവിടെയെങ്ങും ആരുമുള്ളതായി തോന്നിയില്ല. ടിങ്കു ചിന്തിച്ചു ഇവിടെയെങ്ങും ആരുമുണ്ടാവാൻ വഴിയില്ല. അതു കൊണ്ടാണല്ലോ ഈ കാരറ്റ് ചെടികളും ഇളം പുല്ലുകളും ഇവിടെ ഇങ്ങനെ സമൃദ്ധമായി വളർന്നുനിൽക്കുന്നത്. ടിങ്കു ഗുഹയുടെ അടുത്ത് ചെന്നു.ഗുഹയുടെ വാതിൽ അടച്ചിട്ടിരിക്കുകയാണ്. ടിങ്കു മണം പിടിച്ചു. അകത്ത് ആരെങ്കിലും ഉണ്ടോ എന്ന് അറിയണമെല്ലോ?ഗുഹയ്ക്കകത്ത്

ആരുമുള്ളതായി മണം വരുന്നില്ല. ടിങ്കു ചെവി വട്ടം പിടിച്ചു. വല്ല ശബ്ദവും കേൾക്കുന്നുണ്ടോ?

ഇല്ല ഗുഹയ്ക്കകത്ത് വല്ലവരും ഉള്ളതായോ ശ്വാസോച്ഛ്വാസമോ മുരൾച്ചയോ കേൾക്കുന്നില്ല.

ടിങ്കു ധൈര്യത്തോടെ ഗുഹയുടെ വാതിൽ തുറന്നു അകത്ത് കയറി. നല്ല വിശാലമായ ഗുഹ. തനിക്കും ഭാര്യക്കും അഞ്ചു മക്കൾക്കും ഇവിടെ കഴിഞ്ഞാലോ എന്ന് ടിങ്കു ചിന്തിച്ചു.അങ്ങനെ ചെയ്യാം എന്ന് തന്നെ അവൻ തീരുമാനിച്ചു. സുന്ദരവും വിശാലവുമായ ഗുഹയും ഒരു കൊച്ചു പൂന്തോട്ടവും മുറ്റത്ത് തന്നെ ധാരാളം കാരറ്റുകളും ഇളം പുല്ലുകളും.... തനിക്കും കുടുംബത്തിനും ഭക്ഷണത്തിനായി മറ്റെങ്ങും അലയേണ്ടതില്ല. ഈ ഗുഹയിൽ തന്നെ താമസിക്കാമെന്നു തിരുമാനിച്ചു ടിങ്കു മുയൽ വയറുനിറയെ കാരറ്റുതിന്നു ഭാര്യയേയും മക്കളേയും വിളിച്ചുകൊണ്ട് വരാൻ മന്ദാരകാട്ടിലേക്ക് പുറപ്പെട്ടു. യഥാർത്ഥത്തിൽ ഡംഭൻകടുവയുടേതായിരുന്നു ആ ഗുഹ. മുയലിറച്ചി വളരെ ഇഷ്ടപ്പെട്ടിരുന്ന ഡംഭൻ കടുവ മേലനങ്ങാതെ മുയലുകളെ പിടിക്കാൻ ഒരുക്കിവെച്ച കെണിയായിരുന്നു ആ കാരറ്റുചെടികളും ഇളം പുല്ലുകളും. രണ്ടു ദിവസം മുമ്പ് ഡംഭൻ ദൂരെയൊരു കാട്ടിലേക്ക് യാത്ര പോയതായിരുന്നു. ഇതൊന്നും ടിങ്കു മുയലിന് അറിവുണ്ടായിരുന്നില്ല. പെട്ടിയും പ്രമാണവും എല്ലാം എടുത്ത് ഭാര്യയും കുഞ്ഞുകളുമായി തിരിച്ചെത്തിയ ടിങ്കു മുയൽ ഇലഞ്ഞിക്കാട്ടിലെ ഗുഹയിൽ അന്നു തന്നെ താമസമാക്കി. അവരവിടെ സുഭിക്ഷമായ ഭക്ഷണം കഴിച്ച് കഴിഞ്ഞുകൂടി. ഒരാഴ്ച കഴിഞ്ഞ് ഒരു വൈകുന്നേരം അവർ വിശ്രമിക്കുകയായിരുന്നു. അപ്പോൾ പുറത്തുന്നിന്ന് അരു ഉഗ്രൻ ഗർജ്ജനം അവർ കേട്ടു. ടിങ്കുവും കുടുംബവും ഞെട്ടിവിറച്ചു.അവന് വാതിൽ തുറന്നുനോക്കാൻ ധൈര്യമുണ്ടായില്ല. വാതിൽ പഴുതിലൂടെ

നോക്കിയപ്പോൾ കണ്ടു പുറത്ത് വലിയ ഒരു കടുവ. ദൂരെയാത്ര കഴിഞ്ഞെത്തിയ ഡംഭൻ കടുവയായിരുന്നു അത്. ഗുഹയിൽ ആരൊക്കെയോ ഉള്ളതായി ഡംഭന് മണം കിട്ടി. അവൻ ആർത്തിയോടെ നാവു നുണഞ്ഞ് കൊണ്ട് അലറി ആരെടാ എന്റെ ഗുഹയിൽ, ഉറക്കെടാ വാതിൽ. മലമുത്തപ്പാ കുടുങ്ങിയല്ലോ ടിങ്കു തലയിൽ കൈവെച്ചുപോയി. രക്ഷപ്പെടാൻ എന്താണൊരു വഴി?ടിങ്കു തലപുകഞ്ഞാലോചിച്ചു. എന്തെങ്കിലും ഒരു ഉപായം കണ്ടു പിടിച്ചില്ലെങ്കിൽ താനും കുടുംബവും കടുവയുടെ ഭക്ഷണമായതുതന്നെ. കടുവ പുറത്തുനിന്ന് വീണ്ടും മുരണ്ടു എന്താടാ ഉറക്കാനിത്ര താമസം ആരാടാ അകത്ത്? രക്ഷപ്പെടാൻ ഒരു വഴിയുമില്ലേ മലമുത്തപ്പാ.... രക്ഷപ്പെടാൻ ടിങ്കു പലതും ആലോചിച്ചു. പെട്ടെന്ന് അവന്റെ തലയിൽ ഒരു സൂത്രം  മിന്നി. ഗുഹയിലൊരിടത്ത് ചാരിവെച്ച വലിയൊരു നിലക്കണ്ണാടി അവന്റെ ശ്രദ്ധയിൽപെട്ടു.ടിങ്കു ഉടൻ ആ കണ്ണാടി എടുത്തു കൊണ്ടുവന്ന് ഗുഹയുടെ വാതിലിനുമുന്നിൽ വെച്ചു. എന്നിട്ട് ശബ്ദം മാറ്റി ഉറക്കെ പറഞ്ഞു. അകത്തു ഞാനാണടാ  കിടുവ. ങേ,കിടുവയോ അതെന്തു ജീവി?ഡംഭൻ ഭീതിയോടെ ചോദിച്ചു.“കടുവയെ പിടിക്കുന്ന ജീവി; കിടുവ".ഡിംഭൻ അവിടെ നിന്ന് വേഗം ഓടി രക്ഷപ്പെട്ടു

# വടക്കൻ പാട്ട്

മലയാളഭാഷക്ക് വിലപ്പെട്ട സംഭാവനകൾ നൽകിയ ഗാനശാഖയാണ് വടക്കൻ പാട്ടുകൾ.കേരളം നാട്ടുവാഴികളുടെ കീഴിലായിരുന്നകാലത്ത് ആയുധപരിശീലനം നൽകുന്ന കളരികൾ പ്രവർത്തിച്ച്പോന്നു.ആളുകൾ തമ്മിൽ തർക്കമോ പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങളോവന്നാൽ തല്ല്കൂട്ടുക അന്ന് പതിവായിരുന്നു. ഇരു വിഭാഗത്തും കരുത്തരായ ചേകവൻമാരെ നിയോഗിക്കും.ചേകവരായ തച്ചോളി ഒതേനൻ,ഉണ്ണിയാർച്ച തുടങ്ങിയവരുടെ വീരസാഹസികത വർണ്ണിക്കുന്ന പാട്ടുകളാണ് വടക്കൻ പാട്ടുകൾ.ഇവ തനത് പ്രത്യേകതയുള്ള കാവ്യ രചനകളാണ്.

*ഷിഫ്ന ഷെറിൻ.കെ*

# കേരളം

കേരളം എൻെറ കേരളം
എന്ത്സുന്ദരമാണ് എൻെറ കേരളം
എത്ര മനോഹരമാണ് കേരളം
പച്ചപ്പ് നിറഞ്ഞതാണ് കേരളം
കേരളം എൻെറ കേരളം
തോട്ടം പുഴയും അരുവിയും
നിറഞ്ഞതാണ് എൻെറ കേരളം
കൃഷിയും വ്യവസായങ്ങളും
നിറഞ്ഞതാണ് എൻെറ കേരളം
നിരവധി മരങ്ങൾ നിറഞ്ഞതാണ്
എൻെറ കൊച്ചു കേരളം
എൻെറ കേരളം.

# നിലാവ്

നറുചിരി വിതറാൻ
ചിരിയൊളി പകരാൻ
വിരുന്നെത്തിയിന്നും
വിണ്ണിൽ നിന്നീ വെണ്ണിലാവ്
ഇരവിന്നിരുളിൽ
വഴിയേതെന്നറിയാതുഴയും
നേരത്തെൻ ചാരത്തായണയും

സഖിയേ.... സഖിയേ
മണ്ണിൻ ഇരുളകലാൻ
കണ്ണിൽ കാഴ്ചകൾ തെളിയാൻ
കനവിൽ നിറയും നിനവിൽ
കുളിരും കൂട്ടായണയും

നിലാ ഉുവലഴകേ....
നിറ നിലാ കടവുമായെന്നുമെൻ
അരികിലണയുമോ സഖിയേ....

*ഫാത്തിമ ജുമാന.*

# മാതൃരാജ്യസ്നേഹം

പെറ്റമ്മ പോലത്തന്നെ നമുക്ക് പ്രിയപ്പെട്ട ഒന്നുണ്ട്. അതാണ്, നമ്മുടെ മാതൃരാജ്യം. സ്വന്തം നാടിനോടുള്ള സ്നേഹത്തെകുറിച്ച് രാമായണത്തിൽ പോലും പരാമർശിക്കുന്നുണ്ട്, നമ്മുടെ വളർച്ചക്കായി ജീവിതമർപ്പിക്കുന്ന അമ്മയെപോലെത്തന്നെ മാതൃരാജ്യം നമുക്ക് പ്രധാനപ്പെട്ടതാണ്.

നമ്മുടെ രാജ്യം വിദേശികൾക്ക് കീഴ്പെട്ടിരുന്ന കാലത്ത്, അതിൽ നിന്ന് മോചനം നേടുവാൻ നാം പരിശ്രമിച്ചു. അന്ന് സ്വരാജ്യത്തെ പ്രിയങ്കരമായി കരുതിയിരുന്ന മഹാന്മാർ ഉണ്ടായിരുന്നു. മഹാത്മാഗാന്ധി,ജവഹർലാൽ നെഹ്റു, സർദാർവല്ലാഭായ് പട്ടേൽ, രാജേന്ദ്രപ്രസാദ്, നേതാജി, സുഭാഷ് ചന്ദ്രബോസ് എന്നിങ്ങനെ എത്രയോപേരുകൾഎടുത്ത്പറയാനുണ്ട്.സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ് എന്നു പ്രഖ്യാപിച്ച ബാലഗംഗാധരതിലകനും സ്വരാജ്യത്തിൻെറ സമ്പൂർണ്ണ മോചനത്തിനായിട്ടാണ് വാദിച്ചത്. സ്വന്തം വീടിനേക്കാൾ അധികമായി സ്വന്തം നാടിനെ സ്നേഹിച്ചവരായിരുന്നു അന്നത്തെ മഹാത്മാക്കൾ. അവർ നൽകിയ ത്യാഗവും സേവനവുമാണ് നമ്മുടെ നാടിന് സ്വാതന്ത്ര്യം നേടി തന്നത് .അന്നത്തെ രാഷ്ട്രീയ നേതാക്കളെല്ലാം ജയിൽ വാസവും മർദ്ദനങ്ങളും അനുഭവിച്ചവരാണ്. കഷ്ടപ്പാടിന്റെ വഴിയായിരുന്നു അത്.സ്വന്തം നാടിനായി അതു സഹിക്കാൻ അവർ തയ്യാറായി. അതിന്റെ സത്ഫലമാണ് നാമിന്ന് അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിന്റെ വെളിച്ചവും, പൂക്കളും. എന്നാൽ ഇന്ന് ഭാരതീയരായ നമുക്ക് സ്വരാജ്യസ്നേഹം എത്രത്തോളമുണ്ട് ? നാം ഉറക്കെ ചോദിക്കേണ്ട ചോദ്യമാണ്. ചുറ്റുപാടും കണ്ണോടിക്കുമ്പോൾ നമുക്കു മനസ്സിലാക്കുന്നത് രാജ്യസ്നേഹമില്ലായ്മയുടെ കഥകളാണ്. ത്യാഗമതികളായ പഴയനേതാക്കളുടെ സ്ഥാനത്ത് ഇന്ത്യ കാണുന്നത് ആരെയാണ് ?

സ്വന്തം കാര്യം സിന്ദാബാദ് എന്ന പറഞ്ഞു നടക്കുന്ന നേതാക്കളും ജനങ്ങളും ഒരിക്കലും നാടിന് ചേർന്നവരല്ല. ഏതു വിധത്തിലും സ്വന്തം കീശ വീർപ്പിക്കാൻ തക്കം നോക്കുന്നവർ നാടിന്അപമാനം വരുത്തി വക്കുന്നു. ഒരു നല്ല പൗരൻ എന്ന നിലയ്ക്ക് രാജ്യത്തോട് നാം പുലർത്തേണ്ടതായ ചില കടമകളുണ്ട്. ഹാവാർഡ് എന്ന ചിന്തകൻ പറയുന്നു രാജ്യത്തിന്റെ ക്ഷേമം പരിഗണിക്കുന്നു . കടമ നിർവഹിക്കുന്ന ഒരാൾക്കുമാത്രമെ അവന്റെ അവകാശങ്ങളും സ്വീകരിക്കാൻഅർഹതയുള്ളൂ. സദ്ഗുണങ്ങളിൽ ഉയർന്നതാണ് സ്വരാജ്യസ്നേഹത്തിന്റെ ആവശ്യകതയെപ്പറ്റി നമ്മെ നിരന്തരം ഓർമിപ്പിക്കുന്നു.

ഈ സാഹചര്യത്തിൽ നമ്മൾ എന്തു ചെയ്യണം? നമ്മുടെ മാതൃരാജ്യമായ ഇന്ത്യയെ സ്നേഹിക്കണം.

ഇന്ത്യയെന്റെ ജീവനേക്കാൾ ജീവനായ രാജ്യം എന്നു പാടാൻ കഴിയണം . രാജ്യത്തിന്റെ നന്മ ആഗ്രഹിക്കണം . അമേരിക്കൻ പ്രസിഡന്റായിരുന്നു ജോൺ എഫ് കെന്നഡി. ഒരിക്കൽ അമേരിക്കയിലെ ജനങ്ങളോട് പറഞ്ഞു. നിങ്ങളുടെ മാതൃരാജ്യം നിങ്ങൾക്ക് എന്തു ചെയ്തു തരുന്നു എന്നല്ല നിങ്ങൾ നിങ്ങളുടെ മാതൃരാജ്യത്തിന് എന്തു ചെയ്യുന്നുവെന്നാണ് ചിന്തിക്കേണ്ടത് . ഈ വാക്കുകൾ ഭാരതീയരായ നമുക്കും ശ്രവിക്കാം. നമ്മുടെ മാതൃരാജ്യത്തിന്റെ പുരോഗതിക്കായി പ്രവർത്തിക്കാം.

# കേരളീയ കലകൾ

## *തിരുവാതിരക്കളി*

തിരുവാതിരക്കളി ഒരു കേരളിയകലയാണ്. ധനുമാസത്തിലെ തിരുവാതിരനാളിൽ നിലവിളക്ക് കൊളുത്തിവെച്ച് അതിന്ചുറ്റും സ്ത്രീകൾ ചുവടുവെക്കുന്നു.കേരളിയ വേഷം ധരിച്ച് ദശപുഷ്പം ചൂടി കൈകൊട്ടി പാട്ട് പാടിയാണ് തിരുവാതിര കളിക്കുന്നത്.

## *ഓട്ടൻ തുള്ളൽ*

ഓട്ടൻ തുള്ളൽ എന്ന കലാരുപത്തിന് തുടക്കം കുറിച്ചത് കുഞ്ചൻ നമ്പ്യാരാണ്. സമൂഹത്തിലെ തിന്മകളെ പരിഹസിച്ചു കൊണ്ടും നർമരസം കലർത്തിയുമാണ് ഈ കലാര്രൂപം ചിട്ടപ്പെടുത്തിയിരിക്കുന്നത്.ഓട്ടൻ തുള്ളൽ, പറയൻതുള്ളൽ,ശീതകൻതുള്ളൽ എന്നിങ്ങനെ തുള്ളൽ മൂന്ന്  വിധമുണ്ട്.

## *ഒപ്പന*

തനത് പ്രത്യേകതയുള്ള കലാരൂപമാണ് ഒപ്പന. മുസ്ലിം വിവാഹദിനങ്ങളിൽ മണവാട്ടിയെ നടുവിലിരുത്തി കളിക്കുന്ന കളിയാണ് ഒപ്പന.മണവാട്ടിയുടെ ചുറ്റും പെൺകുട്ടികൾ നിന്ന് കൊണ്ട് താളത്തിൽ കല്യാണപ്പാട്ടുകൾ പാടി കൈകൊട്ടിയാണ് ഒപ്പനകളിക്കുന്നത്.ഒപ്പന വളരെ മനോഹരമാണ്.

## *കോൽക്കളി*

വട്ടത്തിൽ നിന്ന് ഒരുമിച്ച് പാടിയും താളത്തിൽ ചുവടുവെച്ചും കൈകളിലെ കോലുകളടിച്ചും കളിക്കുന്ന കലാരൂപമാണ് കോൽക്കളി.

# പ്രളയ കവിത

ആർത്തിരമ്പിവരുന്ന മഴക്കറിയില്ലല്ലോ
ഞാൻ ഒരുവൻ പ്രളയമാവുമെന്ന്
ഒരു രാത്രി നിൽക്കാതെ പെയ്തു
തോട്ടും പുഴയും കവിഞ്ഞു
കേരളമാകെ പ്രളയത്തിൽ മുങ്ങി
ഒരു പാട്ടു ജീവൻ പൊലിഞ്ഞു
ഉറ്റവരും ഉടയവരും പോയ്
കുന്നും മലയും ഇടിഞ്ഞു
മഴവെള്ളപ്പാച്ചിലോട്ടുപാച്ചിൽ
കൃഷിയും നശിച്ചു വൈദ്യതിയും മുടങ്ങി
മർത്ത്യനാകെ വലഞ്ഞു
കേരളമാകെ ഞെട്ടിവിറച്ചു
ഹാ! ഇനിയൊരു കേരളം പടുക്കാം
നമുക്കൊരുമിച്ചു നിൽക്കാം

*ജുമാനത്ത്*

*8-എം*

# ഒരു കർഷക കുടംബത്തിന്റെ ജീവിതകഥ

ഒരു കൊച്ചു കുഗ്രാമത്തിൽ ഒരു കർഷക കുടുംബം ജീവിച്ചിരുന്നു. ആ കുടുംബം രാവും പകലും ഇല്ലാതെ അധ്വാനിച്ചിരുന്നു. അവർക്ക് രണ്ട് പെൺമക്കളാണ് ഉണ്ടായിരുന്നത് ഇളയവൾ നല്ല കുട്ടിയായിരുന്നു. അവൾ നന്നായി പഠിക്കുന്ന  കൂട്ടത്തിലായിരുന്നു. നാട്ടുകാർക്കും വീട്ടുകാർക്കും അവളെ പറ്റി നല്ല അഭിപ്രായങ്ങൾ മാത്രമേ പറയാനുണ്ടാവുകയുള്ളൂ. അവൾക്ക് കുടുംബത്തിന്റെ കഷ്ടപ്പാടും പ്രാരാബ്ധവും എല്ലാമറിയാമായിരുന്നു. കാരണം അവളുടെ അച്ഛൻ ഒരു കർഷകനല്ലേ. അതുകൊണ്ട് കിട്ടുന്ന വരുമാനം ഒന്നിനും തികയുകയില്ലല്ലോ. പക്ഷേ മൂത്തവൾ നേരേ വിപരീതമായിരുന്നു. ക്ലാസിൽ പഠിക്കാറില്ല, വൈകിയെ സ്കൂളിൽ എത്താറുള്ളു. അവളെ പറ്റി എല്ലാവർക്കും മോശം അഭിപ്രായമേ പറയാനുണ്ടായിരുന്നുള്ളൂ. വീട്ടിലെ അവസ്ഥ

അറിയാതെയുള്ള ഒരോ പെരുമാറ്റങ്ങളായിരുന്നു. അവൾ സ്കൂളിൽ പോയിവരുമ്പോൾ വഴിയിൽ എന്ത് കണ്ടാലും അച്ഛന്റെ കയ്യിൽ കാശുണ്ടോ എന്നു പോലും നോക്കാതെ അതു വാങ്ങിക്കും.ആ കർഷകൻ ജീവിതം തന്നെ മടുത്തു തുടങ്ങി. ചില ദിവസം അവരുടെ കുടുംബം പട്ടിണിയിലാകും.തലേദിവസത്തെ ഭക്ഷണം ഉണ്ടെങ്കിൽ അത് കഴിച്ചാണ് അവർ വിശപ്പ് അടക്കിയിരുന്നത്. പിന്നെ ഓരോ ദിവസവും അവർ പട്ടിണിയിലായി .അങ്ങനെ ദിവസവും പട്ടിണിയിലായപ്പോൾ അച്ഛൻ പണിക്ക്പോകുമ്പോൾ ഉച്ചയ്ക്ക് കിട്ടുന്ന ഭക്ഷണം എടുത്തുവെച്ച് മക്കൾക്ക് കൊടുക്കും.അങ്ങനെ അതും കിട്ടാനില്ലാത്ത അവസ്ഥയായപ്പോൾആ കർഷകൻ ആത്മഹത്യചെയ്തു. അവസാനം നിവൃത്തിയില്ലാതെ ആയപ്പോൾ അമ്മയും പണിക്ക് പോകാൻ തുടങ്ങി. അപ്പോൾ അമ്മയ്ക്ക് കിട്ടുന്ന ഉച്ചമായ

വരുമാനം ഒന്നിനും തികയുമായിരുന്നില്ല. അങ്ങനെ അവൾക്ക് അച്ഛൻ ജീവിച്ചിരുന്നെങ്കിൽ എന്ന് ഓർത്തു
പോയി പൊട്ടിക്കരഞ്ഞു. പിന്നെ അവൾ പറഞ്ഞു ഇനി ഞാൻ ഒരിക്കലും ചീത്തകുട്ടിയാവുകയില്ല എന്നും അമ്മയേയും അനുജത്തിയേയും സ്നേഹിച്ച് കൊണ്ട് ജീവിക്കാമെന്നും ശപഥം ചെയ്തു. അങ്ങനെ അവൾ നല്ല കുട്ടിയായി മാറി. ആ കുടുംബം സന്തോഷത്തോടെ ജീവിക്കാൻ തുടങ്ങി.

*ജുമൈലത്ത്*

*8 എം*

# എന്റെ ഗ്രാമം

പച്ചപ്പിൽ പുതപ്പണിഞ്ഞിതാ-
നെല്ലോലകൾ തൻകാറ്റുവീശുന്ന
അമ്പല മണിതൻ നാദം മുഴങ്ങുന്ന
പനത്തലകൾ പാട്ടുമൂളുന്ന
പച്ചോലകൾ നൃത്തമാടുന്ന
ദൃശ്യ സുന്ദരമാണെൻ ഗ്രാമം
മറക്കാൻ കഴിയാത്ത മനസ്സിന്റെ താളുക-
ളിൽ ഞാൻ കാത്തു വെച്ചൊരൻഓർമകൾ
ദൃശ്യഭംഗി കാട്ടികൊതിപ്പിക്കും
സുന്ദരികളാം പൂക്കളും പുഴകളും
അർത്ഥം ശൂന്യമെന്ന തോന്നാത്തോരോ
നിമഷവും കൊതിക്കുന്നു ഞാൻ
എൻ അമ്മയാം
ആ ഗ്രാമത്തിൽ ഉയരത്തിൽ
ഒന്നു കൂടി ഉദിക്കുവാൻ

# ഗ്രാമസ്വരാജ്

ഇന്ത്യയുടെ സ്വാതന്ത്ര്യമെന്നാൽ ഓരോ ഇന്ത്യക്കാരന്റേയും സ്വാതന്ത്ര്യമാണ്. സ്വാതന്ത്ര്യം താഴെത്തട്ടിൽ നിന്ന് തുടങ്ങേണ്ടതാണ്. അത്തരത്തിൽ ഓരോ ഗ്രാമവും സ്വയം പൂർണതയുള്ളതായിരിക്കണം. ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നതെന്നും ഗ്രാമങ്ങൾ നശിച്ചാൽ ഇന്ത്യ നശിക്കുമെന്നും ഗാന്ധിജി വിഭാവനം ചെയ്തു. അദ്ദേഹത്തിന്റെ ചിരകാല അഭിലാഷമായിരുന്നു ഗ്രാമസ്വരാജ്. അധികാരവികേന്ദ്രീകരണം നടപ്പിലാകണമെന്നും ജനാധിപത്യം സാധാരണക്കാരിലേക്ക് ഇറങ്ങിച്ചെല്ലണമെന്നും അദ്ദേഹം ആഗ്രഹിച്ചു.

# അനങ്ങൻമല

പശ്ചിമഘട്ട മലനിരകളിൽ നിന്നും വേർപ്പെട്ട് വൃക്ഷങ്ങൾ അധികമില്ലാത്ത പാറകൾ മാത്രമുള്ള ഒരു മലയാണ് അനങ്ങൻമല. ശാന്തമായി ഒഴുകുന്ന കൊച്ചരുവികൾ, മലയിടുക്കുകളിലൂടെ ശക്തിയായി പതിക്കുന്ന ജലപാതങ്ങൾ, വിസ്താരമായി കിടക്കുന്ന പുൽപരപ്പുകളും ഇലക്കാടും തിങ്ങി നിറഞ്ഞ കുന്നും അടിവാരവും ഒരുമിക്കുന്നതാണ് അനങ്ങൻമല.പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്തിനും ചെർപ്പുളശ്ശേരിക്കും ഇടയിലാണ് അനങ്ങൻമല നിലകൊള്ളുന്നത് .പ്രകൃതിയുടെ സൗന്ദര്യം കനിഞ്ഞനുഗ്രഹിച്ച അനങ്ങൻമല കാണാൻ നിരവധി ആളുകൾ എത്തുന്നു, ധാരാളം സിനിമകളിലും കാണാം. അനങ്ങൻമലയെ 2011-ൽ ഇക്കോടൂറിസം പദ്ധതി നടപ്പാക്കി. അനങ്ങൻമല എന്നു വിളിക്കുന്നതിൽ ഒരു ചരിത്രം ഉണ്ട് .

അത് രാമായണവും ആയി ബന്ധപ്പെട്ട് കിടക്കുന്നു."ഹനുമാൻ മൃതസഞ്ജീവനി പറിക്കാനായി പോയ സമയം തിരിച്ച് വരുന്ന വഴി കൈയിലെ മലയിൽ നിന്നും വീണ ഒരു ചെറിയകഷ്ണം മലയാണ് അനങ്ങൻമല.ഹനുമാൻ ഇളക്കാൻശ്രമിച്ചിട്ടുംഅനങ്ങാതിരുന്ന കാരണമാണ് അനങ്ങൻമല എന്ന പേര് വന്നത് ".ഇന്നും ഹനുമാന്റെ കൈ അടയാളവും കാൽ പാദവും അനങ്ങൻമലയിൽ കാണാം.കേട്ടറിഞ്ഞ കഥകളുടെ കാഴ്ച ഉയരം 1200 അടിയാണ് .കരിങ്കൽ പാറകൾ നിറഞ്ഞ മലയും താഴ്വരയും ആരെയും ആകർഷിക്കുന്ന കരമ്പനകളും പച്ചപ്പുംനിറഞ്ഞ കുന്നുകളും വള്ളുവനാടൻ ഭൂപ്രകൃതിയും ഏതൊരു സഞ്ചാരിയേയും വിസ്മയിപ്പിക്കും.

# തുഞ്ചത്ത് രാമാനുജൻ

# എഴുത്തച്ഛൻ

അദ്ദേഹം പതിനഞ്ചാം നൂറ്റാണ്ടിനും പതിനാറാം നൂറ്റാണ്ടിനും ഇടയിലായിരിക്കണം ജീവിച്ചിരുന്നത്. എങ്കിലും പതിനാറാം നൂറ്റാണ്ട് ആണ് ഇദ്ദേഹത്തിന്റെകാലഘട്ടം എന്ന് പൊതുവിൽ വിശ്വസിച്ച് പോരുന്നു.എഴുത്തച്ഛന്റെ യഥാർത്ഥ നാമം രാമാനുജൻ എന്നും കൃഷ്ണൻ എന്നും ചില വിദഗ്ധർ അഭിപ്രായപ്പെട്ടു കാണുന്നുണ്ട് .

ഇന്നത്തെ മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിനടുത്തുള്ള തുഞ്ചൻപറമ്പ് ആണ് കവിയുടെ ജന്മസ്ഥലം എന്ന് വിശ്വസിക്കപ്പെടുന്നു.എഴുത്തച്ഛന്റെ ജീവചരിത്രം ഐതിഹ്യങ്ങളാലും അർദ്ധസത്യങ്ങളാലും മൂടപ്പെട്ടുകിടക്കുകയാണ്.അബ്രാഹ്മണനായിട്ടും വേദപഠനവും സംസ്കൃതപഠനവും തരമാക്കിയ എഴുത്തച്ഛൻ,നാനാദിക്കിലേക്കുള്ള ദേശാടനങ്ങൾക്കുശേഷം ചിറ്റൂരിൽ താമസമാക്കി എന്ന് കരുതപ്പെടുന്നു.ജ്യോതിഷം, സാഹിത്യം എന്നിവയിൽ പാണ്ഡിത്യം ഉണ്ടായിരുന്ന അദ്ദേഹം  അക്കാലത്തെ അബ്രാഹ്മണർക്കു വിദ്യാഭ്യാസം നൽകിയിരുന്ന  സമുദായത്തിലെ അംഗമാണ് എന്ന വാദത്തിനു ആധാരമുള്ളതായി കണക്കാക്കപ്പെടുന്നു.

# കേരളത്തിന്റെ ചരിത്രം

കേരളപ്പിറവി കേരളത്തിന്റെയും കേരളീയരുടേയും ജന്മദിനം നവംബർ 1 നാണ് .സംസ്ഥാനം രൂപീകൃതമായത് അന്നാണ് .

കേരം എന്നതിന്റെ അർത്ഥം തെങ്ങ് ,ആലം എന്നാൽ കര എന്നാണ്. കേരളം തെങ്ങിൻ മരങ്ങളുടെ നാട്. തുടക്കത്തിൽ തിരുവിതാംകൂറിൽ കൊച്ചിമലബാർ എന്നി മൂന്ന് പ്രവിശ്യകളായിരുന്നകേരളം.നവംബർഒന്നിനാണ്കേരളപ്പിറവിദിനം. മലയാളികൾഅവരുടെ പരമ്പരാഗത വസ്ത്രധാരണത്തിൽ അണിനിരക്കുമ്പോൾ കേരളത്തിന്റെ ജന്മദിനമാണ്. 1956 നവംബർ 1 നാണ് സംസ്ഥാനം
സൃഷ്ടിക്കപ്പെട്ടത്.അതിനുമുമ്പ് തിരുവിതാം കൂർ കൊച്ചിമലബാർ 3 സ്വതന്ത്രപ്രവിശ്യകളായി ഇത് നിലനിന്നിരുന്ന മലബാർ വടക്കൻ പ്രദേശങ്ങളും കൊച്ചിമധ്യഭാഗവും തിരുവിതാംകൂർ തെക്കൻ ഭാഗവും രൂപീകരിച്ച "ഐക്യ കേരളം" എന്ന ജനകീയ പ്രസ്ഥാനംഭാഷ അടിസ്ഥാനത്തിൽപുനസംഘടിപ്പിക്കുന്നതിന് പ്രചോദനമായി.ഒരു വശത്ത് പർവതനിരകളും മറു വശത്ത്അറബിക്കടലും കൊണ്ട് അനുഗ്രഹിക്കപ്പെട്ട കേരളം ദൈവത്തിന്റെ സ്വന്തം രാജ്യം എന്ന് അറിയപ്പെടുന്നു. അടുത്തിടെയുണ്ടായ വെള്ളപ്പൊക്കത്തെതുടർന്ന് സംസ്ഥാനം പുനർനിർമിക്കാൻ പ്രവർത്തിക്കുന്നതിനാൽ ഈവർഷത്തെ കേരള പിറവിദിനം സവിശേഷതയാണ്.

*-ഷബാന തസ്നിം*

# മറയാത്തഓർമകൾ

വെള്ളം കേരളത്തെ വിഴുങ്ങുകയായിരുന്നു. അടുത്തെത്തിയിട്ടും ആരും അത്സാരമാക്കിയില്ല.വെള്ളംകേരളത്തിൽ താണ്ഡവമാടാൻ തുടങ്ങി. 2018 ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനത്തിന് സ്വന്തം വീടിന്റെ മുകളിൽ പോലും നിൽക്കാനുള്ള സ്വാതന്ത്ര്യം ജലം നൽകിയില്ല. പ്രളയദുരിതത്തിൽ മുങ്ങിയകേരളംകണക്കില്ലാത്തദുരിതങ്ങളുംനാശനഷ്ടങ്ങളും അനുഭവിച്ചു. എല്ലാവരും സ്നേഹിച്ചിരുന്ന മഴ കലി മഴയായി മാറിയിരിക്കുന്നു.

എല്ലാവരും ക്യാമ്പിൽ ഒതുങ്ങികൂടി. ജാതിയോ മതമോ പാവപ്പെട്ടവനോ പണക്കാരനോ അവിടെ ഉണ്ടായിരുന്നില്ല. ദാനം നൽകിയ രണ്ട് ജോഡി വസ്ത്രത്തിനപ്പുറം ഒരു കഷ്ണം തുണി പോലും അവർക്കുണ്ടായിരുന്നില്ല. ഇത്രയൊക്കെ ആയിട്ടും കേരളമക്കൾ തോറ്റുകൊടുത്തില്ല. അങ്ങനെ കരയിലെ മക്കളെ രക്ഷിക്കാൻ കടലിന്റെ മക്കൾ വന്നു. അവർ ഒരുമിച്ച് നിന്ന് കേരളത്തെ ഉയർത്തെഴുന്നേൽപ്പിച്ചു.

– *ഫസ്ന*

# ചമ്പാരൻ സമരം

മഹാത്മാഗാന്ധി ഇന്ത്യയിൽ നയിച്ച ആദ്യസമരമാണ് 1917-ലെ **ചമ്പാരൻ നീലം കർഷക സമരം.** ദക്ഷിണാഫ്രിക്കയിൽ പ്രയോഗികത തെളിയിച്ച തന്റെ നൂതന സമരമുറകൾ ഗാന്ധി ഇന്ത്യൻ മണ്ണിൽ പയറ്റിനോക്കിയത് ചമ്പാരനിലായിരുന്നു. രാമായണ നായിക സീതാദേവിയുടെ ജന്മഭൂമിയായി  പറയപ്പെടുന്നതാണ് ബീഹാറിലെ ചമ്പാരൻ.

മാമ്പഴത്തോപ്പുകൾക്ക് പേര് കേട്ട ഈ നഗരം 1917 വരെ വിശാലമായ നീലം കൃഷിത്തോട്ടങ്ങളുടെ വലിയൊരു കേന്ദ്രമായിരുന്നു ചമ്പാരനിലെ  കർഷകർ കൃഷിചെയ്യുന്ന ഭൂമിയുടെ ഇരുപതിൽ മൂന്ന് ഭാഗം ജന്മിക്കുവേണ്ടി നീലമോ മറ്റു നാണ്യവിളകളോ കൃഷിചെയ്തു വിളവെടുത്തുകൊടുക്കാൻ നിയമബദ്ധരായിരുന്നു. കൃഷിയുല്പാദനം അതിനിസ്സാരവിലയ്ക്കു അവരിൽ നിന്നു വാങ്ങുകയായിരുന്നു പതിവ്. ഉണ്ണാൻഅരിയില്ലാത്തപ്പോഴും ഒന്നാന്തരം വിളവുതരുന്ന ഭൂമിയുടെ നല്ലൊരുഭാഗം ജമീന്ദാർക്കും ബ്രിട്ടീഷ് സർക്കാരിനും വേണ്ടി നീലം കൃഷിചെയ്യാൻ മാറ്റിവെയ്ക്കണമെന്ന ഈ നിയമം *തീൻ കഥിയാ വ്യവസ്ഥ* എന്നായിരുന്നു അറിയപ്പെട്ടിരുന്നത്.ചമ്പാരനിലെസമരംനീതിരഹിതമായഈവ്യവസ്ഥക്കെതിരായിരുന്നു.

*-വിപു പി എസ്*

# സി. വി. രാമൻ

ഇരുപതാം നൂറ്റാണ്ടിലെ ലോകപ്രശസ്ത ശാസ്ത്രജ്ഞരിൽ പ്രമുഖനായിരുന്ന സി.വി.രാമൻഎന്നറിപ്പെട്ടിരുന്നചന്ദ്രശേഖര വെങ്കിട്ടരാമൻ.ആദ്യമായി ഊർജ്ജതന്ത്രത്തിൽ നൊബേൽ സമ്മാനം നേടിയ എഷ്യക്കാരൻ കൂടിയാണ് ഇദ്ദേഹം.ഇദ്ദേഹത്തിന്റെ 'രാമൻ പ്രഭാവം' എന്ന കണ്ടെത്തലിനാണ് 1930-ൽ നൊബേൽ സമ്മാനം ലഭിച്ചത്. 1888 നവംബർ 7-ന് തമിഴ്നാട്ടിലെ തിരുച്ചറിപ്പള്ളിയിൽ ജനിച്ചു.സ്കൂൾ കാലഘട്ടത്തിൽഉന്നത നിലവാരത്തിലുള്ള ശാസ്ത്രതാത്പര്യം പ്രകടിപ്പിച്ച രാമൻ നിരവധി സമ്മാനങ്ങളും സ്കോളർഷിപ്പുകളുംആകാലയളവിൽതന്നെസ്വന്തമാക്കിയിരുന്നു.മെട്രിക്കുലേഷനും ഇന്റെർമീഡിയറ്റിനും ശേഷം 1903-മദ്രാസിലെ റസിഡൻസി കോളേജിൽ ബിരുദപഠനത്തിന് ചേർന്ന് ഇംഗ്ലീഷിലും ഭൗതികശാസ്ത്രത്തിലും സ്വർണ്ണ മെഡലുകൾ നേടിക്കൊണ്ട് ഒന്നാമനായിക്കൊണ്ട് ബിരുദം പൂർത്തിയാക്കി.തുടർന്ന് അതേ കോളേജിൽ നിന്നുതന്നെ ബിരുദാനന്തരബിരുദവും നേടി.1907-ൽ കൊൽക്കട്ടയിലക്ക് ജോലിക്ക് പോയതിനുശേഷമാണ് ഇദ്ദേഹം ഗവേഷണങ്ങളിലേക്ക് തിരിയുന്നത്.1921-ൽ യൂറോപ്പിലേക്കുള്ള കപ്പൽ യാത്രക്കിടയിൽ കടലിന്റെ നീലനിറം നിരീക്ഷിച്ചുകൊണ്ട് രാമനാരംഭിച്ച പ്രകാശ പഠനത്തിന്റെ തുടർച്ചയായാണ് 1928-ൽ രാമൻ പ്രഭാവം കണ്ടുപിടിച്ചത്.

# സിംഹവും മുയലും

ഒരു കാട്ടിൽ ഒരു സിംഹവും മുയലുകളും ഉണ്ടായിരുന്നു.എല്ലാ ദിവസവും ഈ സിംഹം മുയലുകളെ വേട്ടയാടി തിന്നുമായിരുന്നു.ഒരു ദിവസം ഈ സിംഹം വേട്ടയാടാനായി കാട്ടിലേക്ക് പോയി ആക്രമിക്കാൻ തുടങ്ങി. അവസാനശ്രമത്തിൽ സിംഹത്തിന് ഒരു മുയലിനെ കിട്ടി. ആ സമയം മുയൽ സിംഹത്തിനോട് അപേക്ഷിച്ചു. തന്നെ ഒരു തവണ മാതാപിതാക്കളെ കാണാൻ അനുവദിക്കണമെന്ന് .സിംഹം പറഞ്ഞു ഞാൻ നിന്നെ വിട്ടാൽ തിരിച്ചുവരുമെന്ന് എന്താണ് ഉറപ്പ് എന്ന്. അപ്പോൾ മുയൽപറഞ്ഞു ഞാൻ നാളെ രാവിലെ സിംഹത്തിന്റെ ഗുഹയിലെത്താമെന്ന്. അങ്ങനെ സിംഹത്തിന് വാക്ക് കൊടുത്ത് മുയൽപോയി. പിറ്റേ ദിവസം സിംഹം തന്റെ ഗുഹയിൽ മുയലിനെ കാത്തിരുന്നു. മുയൽ വരാതായപ്പോൾ സിംഹത്തിന് തോന്നി മുയൽതന്നെ പറ്റിച്ചുവെന്ന്, ഈ സമയം മുയൽ ചിന്തിച്ചത് സിംഹത്തിൽ നിന്ന് എങ്ങനെ രക്ഷപ്പെടാം എന്നാണ്. സിംഹത്തിന്റെ ഗുഹയിലെത്തും മുമ്പേ മുയലിനെ ഒരാശയം തോന്നി. മുയൽ സിംഹത്തിന്റെ ഗുഹയിലെത്തി. അപ്പോൾ സിംഹം ചോദിച്ചു എന്താ വൈകിയത് എന്നെ പറ്റിച്ച് രക്ഷപ്പെടാമെന്ന് കരുതിയോ. മുയൽ പറഞ്ഞു ഞാൻ വരുമ്പോൾ മറ്റൊരു സിംഹം എന്നെ പിടിക്കാൻ ശ്രമിച്ചു. ഞാൻ അവിടെ നിന്ന് രക്ഷപ്പെട്ട് വരുകയാണ്. അപ്പോൾ സിംഹം പറഞ്ഞു എനിക്ക് ആ സിംഹത്തെ കാണണം . മുയൽ സിംഹത്തെ വേട്ടക്കാർ കുഴിച്ച കുഴിയുടെ അടുത്തേക്ക് കൊണ്ട് പോയി സൂത്രത്തിൽ സിംഹത്തെ ആ വാരിക്കുഴിയിൽ വീഴ്ത്തിയശേഷം മുയൽ ഓടിപ്പോയി. സിംഹത്തെ വേട്ടക്കാർ വന്നു പിടിച്ചു.അതോടെ കാട്ടിലെ ജീവികൾക്ക് സമാധാനമായി. കാട്ടിലെ സിംഹത്തിന്റ ശല്യം തീർന്നു.

– *പ്രണവ് പി ആർ*

# അയ്യൻകാളി

ഹരിജനങ്ങളുടെ ഉന്നമനത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച ധീരനായ സാമൂഹ്യപരിഷ്കർത്താവും പോരാളിയുമാണ് അയ്യൻകാളി. പുലയ സമുദായത്തെ ഉദ്ദരിക്കാനാണ് അദ്ദേഹം യത്നിച്ചത്.1910-ൽ ഹരിജന വിദ്യാർത്ഥികൾക്ക് പള്ളിക്കൂടത്തിൽ ചേരാനുള്ള അനുവാദം സർക്കാർ നൽകി.ഇത് അയ്യൻകാളിയുടെ മറ്റൊരു വിജയമായിരുന്നു.

എസ്.എൻ.ഡി.പി യോഗത്തിന്റെ ചുവടുപിടിച്ച്
1907 ൽഅദ്ദേഹം ഒരുസാധുജന പരിപാലനയോഗം ആരംഭിച്ചു.അയ്യൻകാളിയുടെ അവിരാമമായ പരിശ്രമം കൊണ്ട് പുലയ സമുദായം പല ആനുകൂല്യങ്ങളും ഒന്നൊന്നായി നേടിയെടുത്തു.സഞ്ചാരസ്വാതന്ത്ര്യം,
വസ്ത്രധാരണ സ്വാതന്ത്ര്യം,ഗവൺമെൻ്റ ഉദ്ദ്യോഗങ്ങളിൽ പ്രവേശനം എന്നിങ്ങനെ പലതും അവർ നേടിയെടുത്തു.ഹരിജനങ്ങൾക്ക് ക്ഷേത്ര പ്രവേശനം അനുവദിച്ചു കിട്ടാനും അദ്ദേഹം യത്നിച്ചു.1936-ൽ ക്ഷേത്ര പ്രവേശന വിളംബരമുണ്ടായപ്പോൾ അദ്ദേഹം ഹർഷപുളകിതനായി. 1941-ൽ അയ്യൻകാളി ചരമമടഞ്ഞു.

# ലോക ജനസംഖ്യാദിനം

ജൂലൈ 11 ആണ് ലോകജനസംഖ്യാദിനം ജനസംഖ്യയ്ക്കൊപ്പം ദാരിദ്രവും കുറയ്ക്കാമെന്ന തിരിച്ചറിവിന്റെ ഓർമ്മപ്പെടുത്തലാണ്ലോകജനസംഖ്യാദിനാചരണത്തിന്റെ ലക്ഷ്യം.

ദാരിദ്രത്തിന്റെ അനുപാതികമായി ജനസംഖ്യയും ജനസംഖ്യയ്ക്ക് അനുപാതികമായി ദാരിദ്രവും വർദ്ധിക്കുന്നു എന്നതാണ് പോയ നൂറ്റാണ്ടുകൾ ലോകത്തിനു നൽകിയ പാഠം.


1981 ജൂലൈ 11-നാണ് ലോകജനസംഖ്യ 500 കോടിയിലെത്തിയത് അടുത്ത 50 വർഷം കൊണ്ട് ലോകജനസംഖ്യ 1100 കോടിയിലെത്തുമെന്നാണ് ജനസംഖ്യവിദഗ്ധരുടെ കണക്കുകൂട്ടൽ.


# റേ ടോംലിൻസൺ


ഇന്റർനെറ്റിന്റെ പ്രാരംഭ രൂപമായ ആർപാനെറ്റിനു വേണ്ടി റേ ടോംലിൻസനാണ് കമ്പ്യൂട്ടറിൽനിന്നും കമ്പ്യൂട്ടറിലേക്കു സന്ദേശം അയക്കുന്നതിനുള്ള പ്രോഗ്രാം കണ്ടുപിടിച്ചത് ഇ-മെയിൽ വിലാസം എഴുതുമ്പോൾ ഉപയോക്തൃനാമവും സേവനദാതാവിന്റെ നാമവും തമ്മിൽ വേർതിരിക്കൽ @ എന്ന അടയാളം തിരഞ്ഞെടുത്തതും ടോംലിൻസനാണ് USER@HOST എന്നത്ഇ-മെയിൽ വിലാസങ്ങളും സ്റ്റാൻഡേർഡായി ഇന്നും കണക്കാക്കുന്നു.


# കുട്ടികളുടെ കലാസൃഷ്ടികൾ


തയ്യാറാക്കിയത് ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ






















തയ്യാറാക്കിയത് ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ













കടപ്പാട് ഐടി വിഭാഗം

# നന്ദി

2019-20 അധ്യയന വർഷത്തിലെ അനങ്ങനടി ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ അക്ഷീണപരിശ്രമഫലമായി മുകുളം എന്ന ഇ-മാഗസിൻ പുറത്തിറക്കുവാൻ നമുക്കു സാധിച്ചു. ഇതിനുവേണ്ടി അശ്രാന്തം പരിശ്രമിച്ച ഞങ്ങളുടെ  എല്ലാ ലിറ്റിൽകൈറ്റ്സ് വിദ്യാർത്ഥികൾക്കും അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

എന്ന്,

ലിറ്റിൽകൈറ്റ്സ്അദ്ധ്യാപികമാർ